(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പാർട്ട് ടൈം ലാ ലക്ചറേഴ്സിന്റെ ശമ്പളം

* 683 [739] ശ്രീ. ഇബ്രാഹിം കണ്ണക്കുഴി:
,, ഒ. ലൂക്കോസ്:
ഡോക്ടർ ജോർജ്ജ് മാത്യു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) പാർട്ട് ടൈം ലാ ലക്ചറേഴ്സിന്റെ ശമ്പളം ഗവൺമെന്റ് ഈ അടുത്ത കാലത്ത് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) കേരളത്തിലെ പ്രൈവറ്റ് കോളേജുകളിലെ പാർട്ട് ടൈം ലാ ലക്ചറേഴ്സിന് ഈ ശമ്പള വർദ്ധനവിന്റെ ആനുകൂല്യം ലഭിക്കുമോ;

(സി) ഇല്ലെങ്കിൽ പ്രൈവറ്റ് കോളേജുകളിലെ പാർട്ട് ടൈം കാർക്കും കൂടി ഈ ആനുകൂല്യം ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച് മുഹമ്മദുകോയ):

(എ) ഇല്ല. എന്നാൽ ലാ കോളേജുകളിലെ പാർട്ട് ടൈം ലക്ചറേഴ്സിന്റെ ശമ്പളം 1978-ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി & സി) കേരളത്തിലെ ആർട്സ് ആൻഡ് സയൻസ് കോളേജിലെ പാർട്ട് ടൈം ലക്ചറേഴ്സിന്റെ ശമ്പളം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ഗവൺമെന്റിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്.

അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്ന പദ്ധതി

* 684 [741] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ:

(ബി) ഉണ്ടെങ്കിൽ അവ എന്തെന്ന് വിശദീകരിക്കാമോ ?

വ്യവസായവും വനവും വകുപ്പുമന്ത്രി:
(ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) തൊഴിൽരഹിതരായ എഞ്ചിനീയറിംഗ് ബിരുദധാരികൾക്കും, ഡിപ്ലോമാക്കാർക്കും, ഐ. റ്റി. ഐ ക്കാർക്കും സ്വന്തമായി തൊഴിൽ ചെയ്യുവാൻ ഗവൺമെന്റ് ഉടമയിലുള്ള വ്യവസായ എസ്റ്റേറ്റുകളിലും, ഡവലപ്പ്മെന്റ് പ്ലോട്ടുകളിലും മുതലായവയിൽ വ്യവസായത്തിനു് ആവശ്യമായ സ്ഥലം അധികം കൊല്ലത്തേക്ക് വാടക ഇല്ലാതെ നൽകിവരുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly